പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നം . 236 | 18.06.2014 ലെ<br>മറുപടിയ്ക്ക്. |

## ജലസേചന - കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. കെ. നാണു.<br>ശ്രീ. മാത്യു. റ്റി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീലാ പ്രകാശം | | ശ്രീ. പി.ജെ ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി ) | |
| (എ) | ജലസേചന പദ്ധതികളും കുടിവെള്ള പദ്ധതികളും പൂർത്തീകരിക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | സംസ്ഥാനത്ത് പൂർത്തീകരിക്കപ്പെടാത്ത എത്ര ജലസേചന, ശുദ്ധജല പദ്ധതികൾ ഇപ്പോൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) | സംസ്ഥാനത്ത് പൂർത്തീകരിക്കപ്പെടാത്ത 6 ജലസേചന പദ്ധതികൾ ഉണ്ട്. കേരളാ വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ 250 പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്.<br>ജലനിധി രണ്ടാംഘട്ട പദ്ധതിയ്ക്കായി ഏറ്റെടുത്ത 95 ഗ്രാമ പഞ്ചായത്തുകളിൽ ചെറുതും വലുതുമായ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്. |
| (സി) | അതിൽ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ: | (സി) | ജലനിധി രണ്ടാംഘട്ട പദ്ധതിയ്ക്കായി ഏറ്റെടുത്ത 95 ഗ്രാമ പഞ്ചായത്തുകളിൽ കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി, കുലശേഖരപുരം എന്നീ പഞ്ചായത്തുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ച കുടി |

വെള്ള പദ്ധതികൾ ജലനിധി പദ്ധതിയുടെ മാനദണ്ഡമനുസരിച്ച് നടപ്പിലാക്കുവാൻ പഞ്ചായത്തിനുള്ള താല്പര്യക്കുറവു കാരണം ഉപേക്ഷിക്കുകയുണ്ടായി.

| | |
|---|---|
| (ഡി) ഉപേക്ഷിക്കാത്ത പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) ഉപേക്ഷിക്കാത്ത പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ